**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 460** **12-08-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകൾ മുഖേന പെൻഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. നജീബ് കാന്തപുരം | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമേഖല സ്ഥാപനങ്ങളുടെ പെൻഷൻ വിതരണം കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ സഹകരണ ബാങ്കുകൾ മുഖേനയാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | 2018 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ വിതരണം സഹകരണ ബാങ്കുകൾ മുഖേന നിർവ്വഹിച്ച് വരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ട ഏതെല്ലാം സ്ഥാപനങ്ങളുടെ പെൻഷൻ സഹകരണ ബാങ്കുകൾ വഴി എന്ന് മുതൽ നൽകി തുടങ്ങി എന്ന് അറിയിക്കുമോ; | (ബി) | 2018 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ വിതരണം സഹകരണ ബാങ്കുകൾ മുഖേന നിർവ്വഹിച്ച് വരുന്നു. |
| (സി) | കിടപ്പുരോഗികളും ഗുരുതരമായ രോഗം ബാധിച്ചവരും ബാങ്കിൽ നേരിട്ടെത്തി പെൻഷൻ വാങ്ങുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇവർക്ക് എ. ടി. എം. സൗകര്യമോ ചെക്ക് ലീഫോ ഉപയോഗിച്ച് പെൻഷൻ തുക പിൻവലിക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ? | (ഡി) | നിലവിൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിൽ ചെക്ക് മുഖേനയുള്ള ഇടപാടുകൾക്ക് അനു വാദമില്ല. എന്നാൽ എ.ടി.എം സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള സംഘങ്ങളിൽ നിന്നും പെൻഷൻകാർ ആവശ്യപ്പെടുന്ന പക്ഷം ടി സൗകര്യം ബാങ്കുകൾ നൽകിവരുന്നുണ്ട്. എല്ലാ ബാങ്കിലും എ.ടി.എം. സംവിധാനം ഏർപ്പെട്ട ുത്തുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ